**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് – നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ആശ്രയ ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനുള്ള അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു .

---

തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്

സ.ഉ.(സാധാ)നം. 1496/2014/തസ്വഭവ. തിരുവനന്തപുരം, തീയതി 12/06/2014.

---

പരാമർശം:1. ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറിയുടെ 24.7.13 ലെ സിഡിഎസ് – 7875/2007 നമ്പർ കത്ത്.

2. നഗരകാര്യ ഡയറക്ടറുടെ 1.10.13 ലെ ഡി.സി.4 – 13339/13 നമ്പർ കത്ത്.

3. കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 14.1.2014 ലെ കെ.എസ്/എൽ/2346/2002 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇ.എം.എസ്. ഭവന പദ്ധതിക്കു വേണ്ടി എഗ്രിമെന്റ് സമർപ്പിക്കേണ്ട കാലാവധി അവസാനിച്ചിരിക്കുന്നതിനാൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകാൻ സാധിക്കുന്നില്ല എന്നും ആയതിനാൽ ഇതു സംബന്ധിച്ച് ഉചിത നിർദ്ദേശം നൽകണമെന്ന് പരാമർശം ഒന്ന് പ്രകാരം ആറ്റിങ്ങൽ നഗരസഭാ സെക്രട്ടറി സമർപ്പിച്ച അപേക്ഷ പരാമർശം രണ്ടു പ്രകാരം നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്ത് സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതു സംബന്ധിച്ച് കുടുംബശ്രീ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ.എം.എസ്. ഭവന പദ്ധതി അവസാനിച്ച സാഹചര്യത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നിലവിലുള്ള ഭവന നിർമ്മാണ പദ്ധതികൾ പ്രകാരം ആശ്രയ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ്. വേണുഗോപാലൻ നായർ,
ഗവ. ഡെപ്യൂട്ടി സെക്രട്ടറി.

സെക്രട്ടറി, ആറ്റിങ്ങൽ നഗരസഭ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ/എൽ.ബി.എ)) കേരളം, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ